പാഠ്യപദ്ധതി ഏകീകരിക്കാൻ നടപടി

10 (*189)ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.ഇ. കോഴ്സിന്റെയും പ്ളസ് ടു കോഴ്സിന്റെയും പാഠ്യക്രമവും പാഠ്യപദ്ധതിയും ഏകീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ രണ്ട് കോഴ്സുകളുടേയും പാഠ്യക്രമത്തിലും പാഠ്യപദ്ധതിയിലുമുള്ള പ്രധാന വ്യത്യാസങ്ങൾ എന്തെല്ലാമാണ്;

(സി) ഈ അദ്ധ്യയനവർഷത്തിൽ എത്ര വി.എച്ച്.എസ്.ഇ. സ്കൂളിലും പ്ളസ് ടു നടത്തുന്ന എത്ര സ്കൂളുകളിലും പുതിയ ബാച്ചുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(ഡി) ഇതുവഴി എത്ര കുട്ടികൾക്ക് പുതുതായി പ്രവേശനം ലഭിക്കും;

(ഇ) പുതിയ ബാച്ചുകൾ ആരംഭിക്കുന്നത് വഴി സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുന്നുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) തൽക്കാലം ഇല്ല.

(ബി) പ്ളസ് ടു വിൽ നിന്നും വ്യത്യസ്തമായി വി.എച്ച്.എസ്.ഇ. കോഴ്സുകൾ തൊഴിലധിഷ്ഠിതമാണ്. വിവിധ മേഖലകളിലായി 45 വി.എച്ച്. എസ്.ഇ. കോഴ്സുകൾ നിലവിലുണ്ട്.

ഹയർ സെക്കണ്ടറി കോഴ്സുകളിൽ പാർട്ട്-1 ഇംഗ്ലീഷ്, പാർട്ട്-2 സെക്കന്റ് ലാംഗ്വേജ്, പാർട്ട്-3 ഓപ്ഷണൽ വിഷയങ്ങൾ എന്നിങ്ങനെ ആറ് വിഷയങ്ങളാണ് പഠിക്കേണ്ടത്. ഇവയിൽ ഓരോ വിഷയത്തിനും നിശ്ചയിച്ചിട്ടുള്ള മിനിമം മാർക്കും എല്ലാ വിഷയങ്ങൾക്കും കൂടി ആകെ ലഭിക്കേണ്ട നിശ്ചിത മിനിമം മാർക്ക് ലഭിച്ചാലേ വിദ്യാർത്ഥി പരീക്ഷ പാസ്സാവുകയുള്ളൂ എന്നാൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ പാർട്ട് 1-ൽ ഇംഗ്ളീഷും ജനറൽ ഫൗണ്ടേഷൻ കോഴ്സും പാർട്ട് 2-ൽ വൊക്കേഷണൽ വിഷയങ്ങളും പാർട്ട്-3 ൽ നോൺ വൊക്കേഷണൽ വിഷയങ്ങൾ ഓപ്ഷണലായി പഠിക്കേണ്ടതുണ്ട്. ഒന്നും രണ്ടും പാർട്ടുകൾ പാസ്സായ വൊക്കേഷണൽ സർട്ടിഫിക്കറ്റ് ലഭിക്കും. മൂന്ന് പാർട്ടും പാസ്സായെങ്കിൽ മാത്രമേ ഉപരിപഠനത്തിനുള്ള അർഹത ലഭിക്കുകയുള്ളൂ.

(സി) വി.എച്ച്.എസ്.ഇ.യിൽ പുതിയ ബാച്ചുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

പ്ളസ് ടു വിൽ 195 സ്കൂളുകളിൽ ഓരോ പുതിയ ബാച്ച് അനുവദിച്ചുകൊണ്ട് ജി.ഒ. (എം.എസ്.) നം. 132/99/പൊ.വി. തീയതി 11.6.99 ജി.ഒ. (എം.എസ്) 143/99/പൊ.വി. തീയതി : 25.6.99 പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്.

(ഡി) ചുരുങ്ങിയത് അയ്യായിരത്തോളം കുട്ടികൾക്കെങ്കിലും പ്രവേശനം ലഭിക്കും.

(ഇ) നാമമാത്രമായ സാമ്പത്തിക ബാദ്ധ്യതയേ ഉള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly